
# ക്രിസ് വോയ്സ്

ലക്കം 05 | പുസ്തകം 06

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ



മെയ് 2026




രക്ഷാധികാരി
**റവ.ഫാ. ജിബിൻരാജ്**

ചീഫ് എഡിറ്റർ
**എസ്.ഒ. ഷാജികുമാർ**

എഡിറ്റേഴ്സ്
**അതുൽ. പി.എസ്**
**രമണി റോസ്**
**സുലോചന**
**ആൻസി. എസ്.എസ്**
**എസ്. സുധ**


ലേ ഔട്ട് & അച്ചടി
**ജനനി പ്രിന്റ് മീഡിയ**
തിരുവനന്തപുരം
ഫോൺ : 9747 000 876

## ഉള്ളടക്കം

ഇടയസ്വരം........3
എഡിറ്റേഴ്സ് വോയ്സ്........4
മാതാവിനോടുള്ള വണക്കമാസം........5-6
ഞായറാഴ്ച വചനവായനകൾ ........6
കറന്റ് അഫയേഴ്സ് ക്വിസ് - 2........7-8
ക്രിസ് വോയ്സ് ക്വിസ് വിജയികൾ........8
2026 മാർച്ച് മാസം വരി തന്നവരുടെ പേരുവിവരം ........9
2026 മാർച്ച് മാസത്തെ വരവ്-ചെലവ് കണക്കുകൾ........10-11
പാഥേയം 2026........11
ക്രിസ് വോയിസ് ക്വിസ് ........12
എന്റെ ഈശോ........13
ക്രിസ് വോയ്സ് ക്വിസ് ഉത്തരങ്ങൾ........14

**ഇടവക ബുള്ളറ്റിൻ** : Private Circulation Only

**അടുത്തലക്കം ക്രിസ് വോയ്സ് പ്രസിദ്ധീകരിക്കുന്നതിനുള്ള സാഹിത്യ സൃഷ്ടികളും ആശംസകളും ഫോട്ടോകളും മെയ് 20 ന് മുമ്പ് ബന്ധപ്പെട്ടവരെ ഏൽപ്പിക്കേണ്ടതാണ്.**



**മെയ് 25 ന് ജന്മദിനം ആഘോഷിക്കുന്ന**
**ഏയ്ഞ്ചൽ മരിയയ്ക്കും**
**മെയ് 27 ന് ജന്മദിനം ആഘോഷിക്കുന്ന**
**ആദം ക്രിസ്റ്റിനും**
**പിറന്നാളാശംസകൾ...**



# ഇടയസ്വരം

**ഫാ. ജിബിൻരാജ്**
ഇടവക വികാരി

ക്രിസ്തുവിൽ സ്നേഹം നിറഞ്ഞവരേ,

ഉത്ഥാനമഹോത്സവം കഴിഞ്ഞ് പരിശുദ്ധാത്മാവിനെ ശിഷ്യന്മാർ കാത്തിരുന്നതുപോലെ സഭ കാത്തിരിക്കുന്ന നാളുകളാണ് ഈ ദിനങ്ങൾ. പെന്തക്കുസ്താദിനം പരിശുദ്ധാത്മാവ് ശിഷ്യരുടെ മേൽ ഇറങ്ങി വന്നതുപോലെ സഭാമാക്കളുടെ മേൽ പരിശുദ്ധാത്മാവ് ഇറങ്ങി വരണമെന്ന് സഭ ആഗ്രഹിക്കുകയും ചെയ്യുന്നു. അതിനാൽ പ്രാർത്ഥനയോടെ നമുക്ക് ഒരുക്കമുള്ളവരായിരിക്കാം. ക്രിസ്തു സ്വർഗത്തിലേക്ക് ആരോഹണം ചെയ്തതിനുശേഷം പിതാവിന്റെ വലതുഭാഗത്തായിരിക്കുമ്പോൾ അവിടുന്ന് ഒരു സഹായകനെ നമുക്ക് അയക്കുകയും ആ സഹായകനായ പരിശുദ്ധാത്മാവ് സഭയെ നയിക്കുകയും ചെയ്യും എന്നുള്ള സത്യം സഭ വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ഈ കാലയളവിൽ പരിശുദ്ധാത്മാവിന്റെ വരങ്ങളും ദാനങ്ങളും സ്വീകരിക്കുവാൻ നാം ഒരുങ്ങേണ്ടതുണ്ട്. പ്രത്യേകിച്ച് പഠിക്കുന്ന കുട്ടികൾ ഈ കാലയളവിൽ പരിശുദ്ധാത്മാവിന് വേണ്ടി പിതാവായ ദൈവത്തോട് പ്രാർത്ഥിക്കുകയും ബുദ്ധിയും ജ്ഞാനവും അറിവും കൊണ്ട് തങ്ങളെ നിറയ്ക്കണമേ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും വേണം. അങ്ങനെ പരിശുദ്ധാത്മാവ് തങ്ങളിൽ എഴുന്നള്ളി വന്ന് വരുന്ന അധ്യയന വർഷം കൂടുതൽ ഉയർച്ചയുടെയും വിജയത്തിന്റെയും ദിനങ്ങളാക്കി തീർക്കുമാറാകട്ടെ.

കുടുംബങ്ങളിൽ ബന്ധങ്ങളുടെ വിള്ളലുകൾ ഉണ്ടെങ്കിൽ പിതാവായ ദൈവത്തോട് തന്റെ പരിശുദ്ധാത്മാവിനെ അയക്കുവാൻ ആവശ്യപ്പെടുകയും അങ്ങനെ പരിശുദ്ധാത്മാവ് നമ്മുടെ കുടുംബ ബന്ധങ്ങളിൽ നിറഞ്ഞ് വിള്ളലുകൾ നീക്കുകയും പൊട്ടിയ ബന്ധങ്ങളെ വിളക്കി ചേർക്കുകയും ചെയ്യും. കാരണം ഭാഷകളെ ഒന്നിപ്പിക്കുന്നതും ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നതും പരിശുദ്ധാത്മാവാണ്.

ഈ ദിനങ്ങൾ പരിശുദ്ധാത്മാവിന്റെ വലിയ ചൈതന്യം കുടുംബങ്ങളിലും വ്യക്തിജീവിതത്തിലും നിങ്ങൾക്ക് ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

# എഡിറ്റേഴ്സ് വോയ്സ്



**എസ്.ഒ. ഷാജികുമാർ**
ചീഫ് എഡിറ്റർ

പ്രിയരേ,

വിദേശ സംഭാവന സ്വീകരിക്കൽ നിയന്ത്രണ നിയമം - എഫ്.സി.ആർ.എ ഇന്ത്യയിലെ ക്രൈസ്തവരടക്കമുള്ള ന്യൂനപക്ഷങ്ങളെ ലക്ഷ്യം വെച്ചുള്ള സംഘപരിവാർ കരിനിയമം എന്ന് നിഷ്പക്ഷ നിരീക്ഷകർ വ്യാഖ്യാനിക്കുമ്പോഴും ഇത് ഇന്ത്യയുടെ പൗരവകാശങ്ങൾക്ക് മേലും ജനാധിപത്യപരമായ വിയോജിപ്പുകൾക്കും വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്.

ആരോഗ്യം, വിദ്യാഭ്യാസം, മനുഷ്യാവകാശം, പരിസ്ഥിതി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് സംഘടനകളുടെ പ്രവർത്തനത്തെ പുതിയ നിയന്ത്രണങ്ങൾ പ്രതികൂലമായി ബാധിക്കും. ഒരു ജനാധിപത്യ രാജ്യത്ത് സർക്കാരിന് എത്തിച്ചേരാൻ കഴിയാത്ത മേഖലകളിൽ സന്നദ്ധ സംഘടനകളുടെ ഇടപെടൽ നിർണായകമാണ്. എന്നാൽ വിദേശ ഫണ്ട് സ്വീകരിക്കുന്നതിനുള്ള നടപടികൾ സങ്കീർണമാക്കി രജിസ്ട്രേഷൻ റദ്ദാക്കി അവയുടെ ആസ്തികൾ കണ്ട് കെട്ടുന്നതടക്കമുള്ള കരിനിയമങ്ങൾ അടിച്ചേൽപ്പിച്ചിരിക്കുകയാണ് കേന്ദ്രസർക്കാർ. ആദിവാസി, ദളിത്, വനസംരക്ഷണം എന്നീ മുന്നേറ്റങ്ങൾക്കായി പ്രവർത്തിക്കുന്ന പല പ്രസ്ഥാനങ്ങളും ഇന്ന് വിദേശ ഫണ്ടിന്റെ മറവിൽ പൂട്ടിക്കെട്ടേണ്ട അവസ്ഥയിലാണ്.

സഭകളും സന്യാസി സമൂഹങ്ങളും ഇന്ത്യയിൽ നടത്തുന്ന ജീവകാരുണ്യ - വിദ്യാഭ്യാസ-ആതുരശുശ്രൂഷ പ്രവർത്തനങ്ങൾ തടയാനും ആസ്തികൾ കണ്ടുകെട്ടാനും ഈ നിയന്ത്രണം വഴിയൊരുക്കുമ്പോൾ ഇന്ത്യയിലെ കോർപ്പറേറ്റുകൾക്ക് നൽകുന്ന ഇളവുകൾ പോലും അശരണരായവർക്ക് വേണ്ടി ത്യാഗപൂർവം

പ്രവർത്തിക്കുന്ന NGO കൾക്ക് നിഷേധിക്കുന്നത് ഭരണഘടനാവിരുദ്ധമായി വിലയിരുത്തപ്പെട്ടാൽ അവരെ കുറ്റപ്പെടുത്താനാവില്ല. അതിനാൽ ഭാരതത്തിന്റെ ബഹുസ്വരതയും നനാത്വത്തിൽ ഏകത്വവും ഉയർത്തിപിടിക്കാനും അടിച്ചമർത്തപ്പെട്ടവരുടെ വിമോചനത്തിന് വേണ്ടി ജാതി - മത അതിർവരമ്പുകൾ നോക്കാതെ പ്രവർത്തിക്കുന്ന സംഘടനകളുടെ നിസ്തുല പ്രവർത്തനം അനുവദിക്കാൻ വേണ്ട സുരക്ഷ വ്യവസ്ഥചെയ്ത് എഫ്. സി. ആർ. എ. പൊളിച്ചെഴുതാൻ ക്രിസ് വോയ്സ് അഭ്യർത്ഥിക്കുന്നു.



# മാതാവിനോടുള്ള വണക്കമാസം

## മീഡിയ മിനിസ്ട്രി തിരുപുറം

പ്രിയരേ,

മെയ് മാസം മാതാവിനോടുള്ള വണക്കമാസമെന്നാണ് കത്തോലിക്കാ വിശ്വാസികൾ വിളിക്കുന്നത്. പൂക്കാലത്തിൻറെ മണവും, നിറവും, സൗന്ദര്യവും മെയ് മാസത്തെ പ്രകാശിപ്പികുമ്പോൾ പരിശുദ്ധ അമ്മയെ കുറിച്ചുള്ള ധ്യാനവും, വണക്കവും അമ്മയിൽ നിന്നും ലഭിക്കുന്ന അനുഗ്രഹദാനങ്ങളും നമ്മു ടെ ജീവിതത്തെയും മനോഹരമാക്കുന്നു. പരിശുദ്ധ ദൈവമാതാവിനെ കുറിച്ചുള്ള ചിന്തയും, ധ്യാനവും നമ്മുടെ അനുദിന ജീവിതാനുഭവങ്ങളെ പ്രശാന്തതയോടെ സമീപിക്കാനും പ്രതിസന്ധികളെ പ്രത്യാശയോടെ അഭിമുഖിരിക്കരിക്കാനും സഹായിക്കുന്നു. പരിശുദ്ധ അമ്മ എന്തുകൊണ്ടാണ് നമ്മുടെ ജീവിതത്തിൽ ഇത്രമാത്രം സ്വാധീനം ചെലുത്തുന്നുവെന്ന് ചിന്തിക്കുമ്പോൾ നമുക്ക് പറയാനുള്ളത് ഒന്നുമാത്രമേയുള്ളൂ. അവൾ ദൈവത്തിന്റെ അമ്മ മാത്രമല്ല, മറിച്ച് അവൾ നമ്മുടെയും അമ്മയാണെന്നാണ്.

മാലാഖയുടെ മംഗളവാർത്ത മറിയത്തെ അസ്വസ്ഥപ്പെടുത്തിയെങ്കിലും മനുഷ്യപുത്രന് മനുഷ്യാവതാരം ചെയ്യാൻ തന്റെ ഉദരത്തെ സമർപ്പിച്ചത് ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാൻ തീരുമാനിച്ചത് കൊണ്ടാണ്. ജീവിതത്തിന്റെ ശുഭവാർത്തകൾ കേൾക്കുവാനും, പറയുവാനും ആഗ്രഹിക്കുന്നവരാണ് നാം ഓരോരുത്തരും. നമുക്ക് ലഭിക്കുന്നതെല്ലാം മംഗള വാർത്തകളായിരിക്കണമെന്ന് നിർബന്ധമില്ല. പരിശുദ്ധാത്മാവിലൂടെ ഗർഭധാരണം എന്ന മനുഷ്യബുദ്ധിക്കു നിരക്കാത്ത സത്യം മറിയത്തെ അസ്വസ്ഥപ്പെടുത്തിയെങ്കിലും പുരുഷനെ അറിയാത്ത ഞാൻ എങ്ങനെയാണ് ഗർഭവതി ആകുകയെന്ന് മാലാഖയോടു ചോദ്യം ചോദിക്കുമ്പോൾ അമ്മ തന്റെ ജീവിതത്തെക്കുറിച്ചും,സമർപ്പണത്തെക്കുറിച്ചും ഉണർവ്വുള്ളവളായിത്തീരുന്നു. നമ്മുടെ ജീവിതത്തിലും ദൈവത്തോടു ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്. ദൈവത്തോടു ചോദിക്കാതെ മനുഷ്യരെ ആശ്രയിച്ചു പോകുമ്പോൾ നമ്മുടെ ജീവിതം കൂടുതൽ അപകടത്തിലാകും എന്നുള്ള സൂചനയാണ് പരിശുദ്ധ മറിയം നമുക്ക് നൽകുന്നത്. ഒരു ക്രൈസ്തവൻ എങ്ങനെ ജീവിക്കണം എന്നതിന്റെ വലിയ ഒരു ഉദാഹരണമാണ് പരിശുദ്ധ അമ്മ. സ്ത്രീകൾക്ക് യാതൊരു പ്രാധാന്യവും നൽകപ്പെടാതിരുന്ന ഒരു കാലഘട്ടത്തിൽ പരിശുദ്ധാത്മാവിലൂടെ ഗർഭിണിയാകുമെന്ന മാലാഖയുടെ സന്ദേശത്തിനു അമ്മ വിധേയപ്പെടുന്നു. അസ്വസ്ഥപ്പെടുത്തിയ സന്ദേശത്തെ ദൈവ

ത്തെ കൂടുതൽ ആശ്രയിക്കാനുള്ള തന്റെ സമ്മതമായി ഇതാ കർത്താവിൻറെ ദാസി എന്ന വാക്കിലൂടെ വെളിപ്പെടുത്തുകയാണ്.

വചനത്തെ മാംസം ധരിപ്പിച്ച് സുവിശേഷത്തിൻറെ ആഘോഷമാക്കി മാറ്റുകയാണ് പരിശുദ്ധ അമ്മ. ശുശ്രൂഷയുടെ സുവിശേഷം നൽകുവാനായി പരിശുദ്ധ അമ്മ എലിസബത്തിനെ സന്ദർശിക്കുവാൻ പോകുന്നു. അസ്വസ്ഥതകൾ ഉണ്ടായിരുന്നിട്ടും അത്യാവശ്യക്കാരിയായ എലിസബെത്തിനെ സന്ദർശിക്കുവാൻ തിടുക്കത്തിൽ യാത്ര ചെയ്യുന്ന അമ്മ. അങ്ങനെ ദൈവ കൃപ ലഭിച്ചവർ തമ്മിൽ പരസ്പരം കണ്ടുമുട്ടുമ്പോൾ സ്തോത്രഗീതം ഉയർത്തപ്പെടുന്നു. നമ്മുടെ സന്ദർശനവും മറ്റുള്ളവർക്ക് ദൈവത്തിന്റെ കൃപയെ പ്രകീർത്തിക്കുന്ന സ്തോത്രഗീതമായിത്തീർക്കണമെന്നു പരിശുദ്ധ അമ്മയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

ദേവാലയത്തിൽ വച്ചുള്ള ശിമയോന്റെ പ്രവചനം, ഈജിപ്തിലേക്കുള്ള പാലായനം ദേവാലയത്തിൽവച്ച് യേശുവിനെ നഷ്ടപ്പെടൽ, കുരിശിന്റെ വഴിയിൽ വച്ച് യേശുവും മാതാവും തമ്മിലുള്ള കൂടിക്കാഴ്ച്ച, കുരിശുമരണം, ഈശോയുടെ തിരുശരീരത്തെ കുരിശിൽ നിന്നും ഇറക്കി മാതാവിന്റെ മടിയിൽ കിടത്തിയത്, ഈശോയെ കല്ലറയിൽ അടക്കം ചെയ്യപ്പെട്ടത് എന്നിവയാണ് പരിശുദ്ധ അമ്മയുടെ ഏഴു വ്യാകുലങ്ങൾ.

ഈ ഏഴ് വ്യാകുലങ്ങളിലൂടെ പരിശുദ്ധ അമ്മ നമ്മെ ഓർമ്മപ്പെടുത്തുന്നത് ക്രൈസ്തവ ജീവിതത്തിൽ വരുന്ന പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടതെങ്ങനെയെന്നാണ്. പ്രത്യാശ നിറഞ്ഞ ചുവടുവെപ്പുകളോടെ ദൈവത്തിന്റെ മുമ്പിൽ സമർപ്പണത്തെ സമ്പൂർണ്ണമാക്കിയതു കൊണ്ടാണ് നമ്മെ ഓരോരുത്തരെയും സംരക്ഷിക്കുവാൻ കുരിശിൻ ചുവട്ടിൽ വച്ച് യേശു മാതാവിനെ നമുക്ക് നൽകിയത്. പരിശുദ്ധ അമ്മയുടെ ഓർമ്മകളുണർത്തുന്ന ഈ മെയ് മാസത്തിൽ പരിശുദ്ധ അമ്മയെക്കുറിച്ച് ധ്യാനിക്കുന്നതോടൊപ്പം അമ്മ നമുക്ക് പകർന്നു തരുന്ന വിശ്വസ്ഥതയിലും, വിശ്വാസത്തിലും, ദൈവത്തോടുള്ള വിധേയത്വത്തിലും ജീവിക്കാനുള്ള അനുഗ്രഹം നമുക്ക് സർവ്വശക്തനായ ദൈവത്തോടു പരിശുദ്ധ അമ്മയുടെ മാധ്യസ്ഥത്തിൽ അപേക്ഷിക്കാം.

### ഞായറാഴ്ച വചന വായനകൾ

| | |
|---|---|
| **പെസഹാക്കാലം അഞ്ചാം ഞായർ** | |
| ഒന്നാം വായന | : അപ്പ 6:1– 7 |
| സങ്കീർത്തനം | : സങ്കീ 33:1– 2, 4 – 5, 18 – 19 |
| രണ്ടാം വായന | : 1 പത്രോ 2:4 – 9 |
| സുവിശേഷം | : യോഹ 14:1– 12 |
| **പെസഹാക്കാലം ആറാം ഞായർ** | |
| ഒന്നാം വായന | : അപ്പ 8:5 – 8,14 – 17 |
| സങ്കീർത്തനം | : സങ്കീ 66:13a,45,67a,16+20 |
| രണ്ടാം വായന | : 1 പത്രോ 3:15 – 18 |
| സുവിശേഷം | : യോഹ 14:15 – 21 |
| **പെസഹാക്കാലം ഏഴാം ഞായർ** | |
| **കർത്താവിന്റെ സ്വർഗാരോഹണത്തിരുനാൾ (s)** | |
| ഒന്നാം വായന | : അപ്പ 1:1– 11 |
| സങ്കീർത്തനം | : സങ്കീ 47:1– 2,5 – 6,7 – 8 |
| രണ്ടാം വായന | : എഫേ 1:17 – 23 |
| സുവിശേഷം | : മത്താ 28:16 – 20 |
| **പെന്തക്കോസ്താ തിരുനാൾ** | |
| ഒന്നാം വായന | : അപ്പ 2:1– 11 |
| സങ്കീർത്തനം | : സങ്കീ104:1ab+25ac, 29bc30, 31+ 34 |
| രണ്ടാം വായന | : 1 കോറി 12:3b7,1213 |
| സുവിശേഷം | : യോഹ 20:19 – 23 |
| **പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ** | |
| ഒന്നാം വായന | : പുറ 34:4b6,89 |
| സങ്കീർത്തനം | : ദാനി 3:29b,30,31,33 |
| രണ്ടാം വായന | : 2 കോറി 13:11– 13 |
| സുവിശേഷം | : യോഹ 3:16 – 18 |

## കറന്റ് അഫയേഴ്സ് ക്വിസ് – 2

1. കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ് ഡയറക്ടർ ആര്?
2. നിയോഗം എന്ന നോവലിന്റെ രചയിതാവ് ആര്?
3. ആർട്ടിക്കിൾ 97 എന്താണ്?
4. സ്വർഗത്തിൽ ജനിച്ച യോദ്ധാവ് എന്നറിയപ്പെടുന്ന ഗവർണർ?
5. കേരളത്തിലെ ആദ്യ ഡിഫൻസ് പാർക്ക് ആരംഭിച്ചതെവിടെ?
6. ഇന്ത്യയിലെ ഒന്നാമത്തെ നിയമ ഓഫീസർ എന്നറിയപ്പെടുന്നത്?
7. ഭിന്നശേഷിക്കാർക്കും ഓട്ടിസം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾക്കും തൊഴിൽ ലഭ്യമാക്കാൻ ലക്ഷ്യമിടുന്ന സംസ്ഥാനത്തെ ആദ്യ ഏബിൾ പോയിന്റ് ഔട്ട്ലെറ്റ് പദ്ധതി ആരംഭിച്ചതെവിടെ?
8. ഏത് തടാകത്തിലാണ് കരസേനയും വ്യോമസേനയും സംയുക്തമായി പാരാഡ്രോപ്പ് അഭ്യാസം നടത്തിയത്?
9. 2025 മാതൃഭൂമി സാഹിത്യ പുരസ്കാരം ലഭിച്ചത് ആർക്ക്?
10. ഐസിസി വനിതാ ഏകദിന റാങ്കിംഗിൽ ഒന്നാം സ്ഥാനത്ത് എത്തിയ ബാറ്റർ?
11. തോണി തുഴയുന്നത് ഏത് ചലനനിയമം?
12. പൽപ്പു എന്ന പുസ്തകമെഴുതിയതാര്?
13. 2026 ലെ ഫിഫ ലോകകപ്പിനായി അഡിഡാസ് പുറത്തിറക്കിയ ഔദ്യോഗിക പന്തിന്റെ പേര്?
14. ദ്രവ്യത്തിന്റെ ഒൻപതാമത്തെ അവസ്ഥ?
15. പാണ്ടിപ്പറയൻ എന്ന പേര് ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?
16. പാർലമെന്റ് പാസാക്കിയ ലേബർ കോഡുകളെക്കുറിച്ച് പഠിക്കാനും ഭേദഗതി നിർദ്ദേശിക്കാനും സംസ്ഥാന സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ പേര്
17. കേരളത്തിലെ ഏറ്റവും വലിയ റംസാർ സൈറ്റ്?
18. മലയാളി മെമ്മോറിയൽ എഴുതി തയ്യാറാക്കിയതാര്?
19. ബോസോ എന്ന പദം ആദ്യമായി ഉപയോഗിച്ചത്?
20. ഇന്ത്യയിലെ ആദ്യത്തെ സെമി കണ്ടക്ടർ ATMP പ്ലാന്റ് നിലവിൽ വരുന്നതെവിടെ?
21. വിദ്യാർത്ഥികളിൽ പൗരബോധം, സാമൂഹിക ഉത്തരവാദിത്തം, ജീവിത നൈപുണ്യങ്ങൾ എന്നിവ വളർത്തുകയെന്ന ലക്ഷ്യത്തോടെ കേരള പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച പദ്ധതി?
22. ദേശീയ വനിതാകമ്മീഷന്റെ പ്രസിദ്ധീകരണം?
23. നിയമനിർമ്മാണ അധികാരങ്ങൾ പ്രസിഡന്റിന്റെ ഏറ്റവും വലിയ അധികാരം?
24. ഇന്ത്യയിൽ നിലവിലില്ലാത്ത വീറ്റോ അധികാരം?
25. അടുത്തിടെ ഭൗമസൂചിക പദവി ലഭിച്ച കർബി ആംഗ്ലോങ് ഇഞ്ചി ഏത് സംസ്ഥാനത്തെ കാർഷിക വിളയാണ്?
26. ഏഷ്യയിൽ നിന്നും കണ്ടെത്തിയ ഏക മൂലകം?

27. ഭരണഘടന പദവിയിലിരിക്കെ ഭാരത രത്നം നേടിയ വ്യക്തിയാര്?
28. ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ എയർലൈൻസ്?
29. ആഗ്രാകലാപത്തിന് നേതൃത്വം നൽകിയതാര്?
30. ദയാമീർ എന്ന പ്രാദേശിക പേരിൽ അറിയപ്പെടുന്ന പർവ്വതം?
31. ഇലക്ഷന് നാമനിർദ്ദേശ പത്രിക നൽകുന്നതാർക്ക്?
32. വനിതാ ദിനത്തോടനുബന്ധിച്ച് സ്ത്രീകൾക്ക് ഭയരഹിത രാത്രിയാത്ര ഉറപ്പാക്കുന്നതിനുള്ള കേരള പോലീസിന്റെ പദ്ധതി?
33. 2025 ലെ ചാമ്പ്യൻസ് ഓഫ് ദി എർത്ത് ലഭിച്ചതാർക്ക്?
34. പ്രത്യക്ഷ രക്ഷ ദൈവസഭയുടെ മുഖപത്രം?
35. ആറ്റത്തിന്റെ ചാർജ്ജ്?
36. 2026 ൽ ഡൽഹിയിൽ വച്ച് നടക്കുന്ന പതിനൊന്നാമത് റൈസീന ഡയലോഗിന്റെ മുഖ്യാതിഥി?
37. ഗ്രീൻ ബെൽറ്റ് സംഘടനയുടെ ലക്ഷ്യം?
38. അടുത്തിടെ അന്തരിച്ച കേരളത്തിലെ പ്രമുഖ ചരിത്രകാരൻ?
40. ഓർമ്മയുടെ ഓളങ്ങൾ ആരുടെ ആത്മകഥ?
41. പഴങ്ങളെക്കുറിച്ചുള്ള പഠനം?
42. ആധുനിക ഇന്ത്യയുടെ ക്ഷേത്രങ്ങൾ എന്ന് നെഹ്റു വിശേഷിപ്പിച്ചത് എന്തിനെയാണ്?
43. ഡൽഹി സുൽത്താനേറ്റിൽ കടന്നു വന്ന ആദ്യ അഫ്ഗാൻ വംശം?
44. ഭാഷകളെക്കുറിച്ചുള്ള പഠനം?
42. വൈറ്റമിൻ എച്ച് എറിയപ്പെടുന്ന ജീവകം?
43. കേരള വിവേകാനന്ദൻ?
44. ഇന്ത്യയുടെ കേപ്പ് കെന്നഡി?
45. 137 കാരറ്റ് വജ്രം അറിയപ്പെടുന്നത്?
46. ലോക കേൾവി ദിനം?
47. ഒന്നാം മന്ത്രിസഭയിലെ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി?
48. സൂര്യന്റെയും നക്ഷത്രങ്ങളുടെയും തിളക്കത്തിന് കാരണം?

**ക്വിസ് ഉത്തരങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി മെയ് 22 വെള്ളിയാഴ്ച വൈകുന്നേരം 7 മണി**

**ക്രിസ് വോയ്സ് ക്വിസ് 5 ശരി ഉത്തരം ലഭിച്ചവർ**

1. ഷീബാറാണി
2. കവിതാരഘു
3. നിബി സാന്റ്റ
4. ലില്ലി കെ.
5. സജിത വി. എസ്.
6. ഷീജാ ബെറ്റി
7. ബീനാ ഷാജി

**ക്രിസ് വോയ്സ് ക്വിസ് 6 ശരി ഉത്തരം ലഭിച്ചവർ**

1. അഖില
2. ഷീബാ റാണി
3. കവിതാരഘു
4. ലില്ലി
5. ആരോൺ
6. രാഗി എ. എസ്.
7. സജിത
8. സരിത
9. ഷീജാബെറ്റി
10. സജി ജി.
11. റോബി
12. ബീനാ ഷാജി
13. ലിജി
14. ലാലി പി. എൻ.

| 2026 മാർച്ച് മാസം വരി തന്നവരുടെ പേര് വിവരം | |
|---|---|
| 1. ശിവരാജൻ, ചില്ലിൻവിള | 1500 |
| 2. അഭിലാഷ്, പുന്നയ്ക്കാവിള | 100 |
| 3. സാജിൻ ജെ. എസ്., താഴയ്ക്കാമണ്ണടി | 500 |
| 4. ശ്രീകുമാർ, താഴയ്ക്കാമണ്ണടി | 300 |
| 5. അനീഷ്കുമാർ എസ്.എൽ., താഴയ്ക്കാമണ്ണടി | 100 |
| 6. അനിൽകുമാർ എസ്.എൽ., മണലിക്കടവ് | 100 |
| 7. ക്രിസ്തുരാജൻ, പഴയകട | 700 |
| 8. ശ്രീകാന്ത്, പഴയകട | 500 |
| 9. മധു, പുന്നയ്ക്കാവിള | 300 |
| 10. പുഷ്പാകരൻ, മോന്തിവിള | 150 |
| 11. വിൻസെന്റ്, പുന്നയ്ക്കാവിള | 100 |
| 12. സജിത്ത് വൈ., പുന്നയ്ക്കാവിള | 1250 |
| 13. സദാനന്ദൻ, മുടന്താന്നി | 200 |
| 14. പത്രോസ്, പുത്തൻകട | 500 |
| 15. ജോൺറോസ്, മണ്ണക്കല്ല് | 1000 |
| 16. അജു, പഴയകട | 250 |
| 17. ഗ്രിഗറി സാർ, പഴയകട | 500 |
| 18. അനീഷ് എൻ.എസ്., താഴയ്ക്കാമണ്ണടി | 1000 |
| 19. ബിനുകുമാർ, കുളങ്ങരവിള | 500 |
| 20. സൈമൺ, താഴയ്ക്കാമണ്ണടി | 200 |
| 21. കൃഷ്ണൻ നാടാർ, മണലിക്കടവ് | 370 |
| 22. വിൻസെന്റ്, മണലിക്കടവ് | 150 |
| 23. വത്സല/അരുൺകുമാർ, പള്ളിമന | 450 |
| 24. പ്രേംകുമാർ, മുടന്താന്നി | 150 |
| 25. സിബി റ്റി.എസ്., കുളങ്ങരവിള | 150 |
| 26. ജസ്റ്റിൻരാജ്, പട്ട്യക്കാല | 500 |
| 27. അശോക് കുമാർ, പട്ട്യക്കാല | 1350 |
| 28. രമേശൻ എൽ., മണലിക്കടവ് | 2100 |
| 29. രാഖേഷ് വി. മണി, പള്ളിമന | 500 |
| 30. കെ. ആർ. മണിസാർ, പള്ളിമന | 200 |
| 31. ദിനു വിജയ്, കാരയ്ക്കാവിള | 500 |
| 32. ഷിജിത്ത് എസ്.എൽ., മണ്ണക്കല്ല് | 2100 |
| 33. രാഖി എ.എസ്., പുത്തൻകട | 50 |
| 34. സജി ആർ. എ., കാരയ്ക്കാവിള | 200 |
| 35. സുജിത്ത്, കുളങ്ങരവിള | 100 |
| 36. വിജിൻ എസ്. എൽ., പള്ളിമന | 500 |
| 37. അഖിൽ ആർ., മോന്തിവിള | 500 |
| 38. അരുൺ ജി.റ്റി., മോന്തിവിള | 250 |
| 39. രാജൻ, മോന്തിവിള | 250 |
| 40. സുരേഷ് ജെ., പുന്നയ്ക്കാവിള | 1000 |
| 41. തോമസ് (ഉപദേശി), വലിയവിള | 1200 |
| **ആകെ** | **22320** |

# 2026 മാർച്ച് മാസത്തെ വരവ്-ചെലവ് കണക്കുകൾ

| വരവ് | |
|---|---|
| ഞായർ 1 ദിവ്യബലി കാണിക്ക | 3186 |
| കാഴ്ചവയ്പ് ലേലം, വലിയവിള | 2240 |
| മുൻ ലേലവരവ് | 2000 |
| ഞായർ 2 ദിവ്യബലി കാണിക്ക | 3329 |
| ബിഷപ് വിൻസെന്റ് സാമുവൽ ജൂബിലി കം പാഷൻ ഫണ്ട് | 6970 |
| ഞായർ 1 ദിവ്യബലി കാണിക്ക | 19432 |
| ലേല വരവ് | 2300 |
| ഞായർ 2 ദിവ്യബലി കാണിക്ക | 32013 |
| ബേബി, താഴയ്ക്കാമണ്ണടി അനുസ്മരണ ദിവ്യബലി കാണിക്ക | 700 |
| ഞായർ 1 ദിവ്യബലി കാണിക്ക | 3449 |
| കാഴ്ചവയ്പ് മുടന്താന്നി | 1470 |
| ഞായർ 2 ദിവ്യബലി കാണിക്ക | 4317 |
| പള്ളിക്കുരിശ്ശടി കാണിക്ക | 11655 |
| പള്ളിക്കകത്തെ തിരുസ്വരൂപങ്ങളിലെ കാണിക്ക | 12823 |
| പട്ട്യക്കാല കുരിശ്ശടി കാണിക്ക | 5196 |
| പണ്ടാരത്തോട്ടം കുരിശ്ശടി കാണിക്ക | 1999 |
| പണ്ടാരത്തോട്ടം കുരിശ്ശടി | സാരി - 1 |
| പുന്നയ്ക്കാവിള കുരിശ്ശടി കാണിക്ക | 1851 |
| ചില്ലിൻവിള കുരിശ്ശടി കാണിക്ക | 1067 |
| താഴയ്ക്കാമണ്ണടി കുരിശ്ശടി കാണിക്ക | 2287 |
| താഴയ്ക്കാമണ്ണടി കുരിശ്ശടി നോട്ടുമാല 1 എണ്ണം | 500 |
| പുത്തൻകട കുരിശ്ശടി കാണിക്ക | 1541 |
| പരസ്പര സഹായനിധി AI/21 കിട്ടിയത് | 98000 |
| മുൻലേല വരവ് | 60 |
| ഞായർ 1 ദിവ്യബലി കാണിക്ക | 3793 |
| ഞായർ 2 ദിവ്യബലി കാണിക്ക | 3822 |
| ഓശാന ഞായർ ദിവ്യബലി | 7835 |
| തിരുന്നാൾ സംഭാവന ഇനത്തിൽ | 1000 |
| മാസവരി ഇനത്തിൽ | 22320 |
| 2026 ജൂൺ മുതൽ 2026 മാർച്ച് മാസം വരെയുള്ള തിരുകർമ്മാദി വിഹിതം | 7535 |
| **ആകെ** | **264670** |
| **ചെലവ്** | |
| ജനറേറ്ററിന് ഡീസൽ | 2000 |
| റീജണൽ മീറ്റിംഗ് ചായ | 720 |
| വൈൻ 5 കുപ്പി | 950 |
| ക്രിസ്റ്റ് വോയ്സ് പ്രിന്റിംഗ് ചാർജ് | 1900 |
| ചാപ്പലിലേയ്ക്ക് - ബൾബ് | 220 |
| പരസ്പര സഹായ നിധി 3 എണ്ണം അടച്ചത് | 12000 |
| ബിസിസി യോഗത്തിന് ചായ | 480 |
| ഏഷ്യാനെറ്റ് കേബിൾ റിന്യൂവൽ ചാർജ് | 2669 |

| | |
|---|---|
| ബിഷപ് വിൻസെന്റ് സാമുവൽ കം പാഷൻ ഫണ്ട് രൂപത ഓഫീസിൽ അടച്ചത് | 18305 |
| കുന്തിരിക്കം, തീർത്ഥജലം | 950 |
| അൾത്താര ബാലകർക്ക് പുസ്തകം | 300 |
| ബാങ്കിൽ കൊടുക്കുവാൻ പത്രവും ടൈപ്പിംഗ് ചാർജ് ഉൾപ്പെടെ | 620 |
| ഇടവക വികാരിയുടെ ബർത്ത്ഡേ ഗിഫ്റ്റ്, ഉണ്ണിയപ്പം | 7252 |
| പ്ലാൻ ബഡ്ജറ്റ് - ഡിറ്റിപി ആൻഡ് പ്രിന്റിംഗ് ചാർജ് | 4700 |
| ജനറേറ്റർ സർവീസ് ചാർജ് | 6072 |
| ഓസ്തി വാങ്ങിയത് | 1485 |
| വിശുദ്ധ കുർബ്ബാന നൽകുവാൻ പോയ ഓട്ടോ ചാർജ് | 600 |
| സീല് ചെയ്തതിന് | 1500 |
| കുരുത്തോല വെട്ടുകൂലി | 2070 |
| മലയാള മനോരമ ദിനപത്രം | 630 |
| Jan, Feb, March മാസാദ്യ കാണിക്ക കൺസ്ട്രക്ഷൻ ഫണ്ടിലേക്ക് (Union Bank) | 140000 |
| മൈക്ക് മിക്സറിന് ബോക്സ് ചെയ്തത് | 3000 |
| ഓശാന ഞായർ ഘോഷയാത്രയ്ക്ക് വാഹനത്തിന് | 1100 |
| ദിവ്യബലിയ്ക്ക് വന്ന വൈദീകന് റ്റി.എ | 500 |
| ഇടവക വികാരി അലവൻസ് | 15000 |
| ഇടവക വികാരി റ്റി.എ. | 2000 |
| ഉപദേശി അലവൻസ് | 6000 |
| കപ്യാർ അലവൻസ് | 3000 |
| സ്വീപ്പർ അലവൻസ് | 2500 |
| **ആകെ** | **238523** |
| മുൻമാസ നീക്കിയിരിപ്പ് | 491080 |
| ആകെ വരവ് | 755750 |
| തൻമാസ ചെലവ് | 238523 |
| **ആകെ നീക്കിയിരിപ്പ്** | **517227** |

## പാഥേയം 2026

| | | | | | |
|---|---|---|---|---|---|
| പഴയകട | 1875 | (50 കിലോ അരി) | പുന്നയ്ക്കാവിള | 700 | |
| പുത്തൻകട | 2600 | (20 തേങ്ങ) | പള്ളിമന | 1400 | |
| വലിയവിള | 3150 | | കുളങ്ങരവിള | 2150 | |
| മുടന്താന്നി | 870 | | മണ്ണക്കല്ല് | 710 | (5 തേങ്ങ, 5 കിലോ അരി, 1 കിലോ പയർ) |
| പ്ലാന്തോട്ടം | 2200 | | മലഞ്ചരിക് | 1425 | |
| കരയ്ക്കാവിള | 1865 | (5 തേങ്ങ) | കടവിള | 1200 | |
| പട്ട്യക്കാല | 1650 | (6 തേങ്ങ, 500 ഗ്രാം കുരുമുളക്) | ചില്ലിൻവിള | 1500 | |
| പണ്ടാരത്തോട്ടം | 1550 | | മണലിക്കടവ് | 1200 | |
| മോന്തിവിള | 1650 | | താഴയ്ക്കാമണ്ണടി | 1600 | |

## ക്രിസ് വോയിസ് - 7 | വി. യോഹന്നാൻ 9 - 12

1. ലാസറിന്റെ സഹോദരിമാർ ആരെല്ലാം?
2. വാക്യമെഴുതുക യോഹ. 11:35
3. അന്ധനായിരുന്നവനെ യഹൂദർ വിളിച്ച് അവനോട് ആദ്യം പറഞ്ഞതെന്ത്?
4. രാത്രി നടക്കുന്നവൻ തട്ടിവീഴുന്നു. കാരണം അവന് ................................
5. അന്ധകാരം നിങ്ങളെ കീഴടക്കാതിരിക്കാൻ ..........................................
6. ഞാനാണ് വാതിൽ, എന്നിലൂടെ പ്രവേശിക്കുന്നവൻ .....................................
7. ലാസറിനെ ഉയിർപ്പിച്ചശേഷം യേശു എവിടെപ്പോയി വസിച്ചു?
8. 'നിങ്ങൾ ദൈവങ്ങളാണെന്ന് ഞാൻ പറയുന്നു.' എന്നെഴുതിയിരിക്കുന്ന പഴയനിയമഭാഗം?
9. ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല, .....................................
10. ആര് നിമിത്തമാണ് യഹൂദരിൽ വളരെപ്പേർ യേശുവിൽ വിശ്വസിച്ചത്?
11. 15 സ്താദിയോൺ ഏകദേശം എത്ര കിലോമീറ്റർ?
12. യേശു അന്ധനെ സുഖപ്പെടുത്തിയ ദിവസത്തിന്റെ പ്രത്യേകത?
13. വിലയേറിയതും ശുദ്ധവുമായ സുഗന്ധതൈലം യേശുവിന്റെ പാദങ്ങളിൽ പൂശിയതാര്?
14. അന്ധരായിരുന്നെങ്കിൽ നിങ്ങൾക്ക്.............................ഉണ്ടാകുമായിരുന്നില്ല.
15. 'ഞാനും പിതാവും ഒന്നാണ്'. അദ്ധ്യായം? വാക്യം?
16. യേശുവിന്റെ ശിഷ്യന്മാരിൽ പണസഞ്ചി സൂക്ഷിക്കുന്നതാരാണ്?
17. 'നീ ലോകത്തിലേയ്ക്ക് വരാനിരുന്ന ദൈവപുത്രനായ ക്രിസ്തുവാണെന്ന് ഞാൻ വിശ്വസിക്കുന്നു.' ഇത് പറഞ്ഞതാര്?
18. 'സിലോഹോ' എന്ന പദത്തിന്റെ അർത്ഥം?
19. ദൈവത്തിന്റെ മഹത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ് എന്ന് യേശു പറഞ്ഞ സംഭവം ഏതാണ്?
20. 'ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു'. ഈ സ്വരം എവിടെനിന്നുണ്ടായി?
21. വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കും എന്ന് യേശു ആരോടാണ് പറഞ്ഞത്?
22. 'ദൈവം പാപികളുടെ പ്രാർത്ഥന കേൾക്കുകയില്ലെന്ന് നമുക്കറിയാം.' ആരുടെ വാക്കുകളാണിവ?
23. ആട്ടിൻതൊഴുത്തിലേയ്ക്ക് വാതിലിലൂടെ പ്രവേശിക്കുന്നവൻ .............................. ആണ്?
24. യോഹ. 12:15 ന് സമാനമായ പഴയനിയമഭാഗം?
25. ശീതകാലത്ത് ജറുസലെമിൽ നടന്ന തിരുനാൾ?

**ഉത്തരങ്ങൾ മെയ് 19 വൈകുന്നരം 7 മണിക്ക് മുമ്പ് ഇടവക ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.**



# എന്റെ ഈശോ

മഹാഗുരുവരൻ ക്രിസ്തുനാഥൻ
മഹാകരുണതൻ നിറകുടം താൻ
ലോകം നമസ്കരിച്ചീടുമെന്നും
നിൻദിവ്യപാദപങ്കജേ മഹാ പ്രഭോ

മർത്ത്യന്റെ ശാപത്തിൻ പാശമെല്ലാം
തൻ ദിവ്യക്രൂശാലേ മാറ്റിയവൻ
തൻ ദിവ്യ നിണമതൊഴുക്കിയീ പാരിതിൽ
അഖിലേശ്വരനായി വാഴും താതൻ

മാനവഹൃദയത്തിൻ വേദനയോരോന്നും
മുറിവേറ്റ കരങ്ങളാലേറ്റിടുന്നു
ശാന്തിതൻ വീഥിയിൽ നിഴലുപോലെ
സ്നേഹത്തണലേകിയെന്നും പോറ്റിടുന്നു

കാരുണ്യനാഥനവൻ കരുണാമയൻ
കരുത്തേകിയെന്നെ കരുതീടുന്നു
ദിവ്യപ്രകാശമേ കാരുണ്യമേ
തിരുവചനമായെന്നിൽ നിറഞ്ഞീടണേ...



**കവിത രഘു**
പുന്നയ്ക്കാവിള

---




**മെയ് 26 ന് ജന്മദിനം**
**ആഘോഷിക്കുന്ന**
**സെബാൻ രാജേഷിന്**
**പിറന്നാളാശംസകൾ...**

# ക്രിസ് വോയ്സ് ക്വിസ് - 5 (യോഹന്നാൻ 1-4)

## ഉത്തരങ്ങൾ

1. യേശു (4:44)
2. നിത്യജീവൻ (3:36)
3. യേശു (2:25)
4. ഏശയ്യ (40:8)
5. സങ്കീ (2:7)
6. ആത്മാവിനെ (3:34)
7. ഗലീലിയാക്കാർ (4:45)
8. പത്രോസ്, അന്ത്രയോസ്
9. അഭിഷിക്തൻ
10. സങ്കീ: 69:9 (2:17)
11. ശിഷ്യന്മാർ (4:2)
12. രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തിയത് (4:54)
13. തന്നെ സ്വീകരിച്ചവർക്കും തന്റെ നാമത്തിൽ വിശ്വസിച്ചവർക്കും(1:12)
14. യേശുക്രിസ്തു (1:17)
15. സിക്കാർ (4:5)
16. സംഖ്യ 21:9 (3:14)
17. യോഹന്നാൻ (സ്നാപകൻ) (1:31)
18. യോഹന്നാൻ (1:6)
19. എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയും (4:34)
20. 4:23
21. യേശു, പീലിപ്പോസ് (1:39, 1:46)
22. 3:30
23. തിന്മ (3:20)
24. സമരിയാക്കാർ (4:46)
25. 7-ാം മണിക്കൂറിൽ (4:52)

---

# ക്രിസ് വോയ്സ് ക്വിസ് - 6

## ഉത്തരങ്ങൾ

1. യോഹ 6:35
2. ദൈവം 8:42
3. തിബേരിയാസ് 6:1
4. യഹൂദർ 7:15
5. ദൈവത്തിന്റെ വാക്ക് 8:47
6. പുറപ്പാട്, സംഖ്യ, നെഹമിയ, സങ്കീർത്തനങ്ങൾ 6:31
7. തന്നിൽ വിശ്വസിച്ച യഹൂദരോട് യേശു 8:31
8. ദൈവസ്നേഹം 5:42
9. യഹൂദർ അവനെ വധിക്കാൻ പാർത്തിരുന്നതിനാൽ 7:1
10. പിതാവായ അബ്രഹാം 8:56
11. സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ? 5:6
12. ഞാൻ ഞാൻ തന്നെ 8:24
13. അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക 6:29
14. മേലിൽ പാപം 5:14
15. അവന്റെ സമയം ഇനിയും വന്നിരുന്നില്ല 7:30
16. പിശാച് 8:44
17. യോഹ 8:12
18. കഫർണാമിലെ സിനഗോഗിൽ 6:59
19. കൂടാരത്തിരുനാൾ 7:10
20. അപ്പം വർധിപ്പിക്കുന്നു 6:14
21. ശിക്ഷാവിധി 5:24
22. ജറുസലേം 5:2
23. മരിക്കുകയില്ല 8:51
24. പുത്രനെ 5:12
25. ജീവൻ, ശരീരം 6:63

---




**മെയ് 27 ന് ജന്മദിനം ആഘോഷിക്കുന്ന**

## അനയ വി അനൂപിന്

**പിറന്നാളാശംസകൾ...**



2026 ഏപ്രിൽ 19 മുതൽ 26 വരെ തിരുപുറം വി. ഫ്രാൻസിസ് സേവ്യർ ഇടവകയിൽ വച്ച് നെയ്യാറ്റിൻകര രൂപത മേജർ സെമിനാരിയൻസിന്റെ വെണ്മ മിനിസ്ട്രിയുമായി ചേർന്ന് നമ്മളിടം എന്ന പരിപാടി സംഘടിപ്പിച്ചപ്പോൾ



കെ.സി.വൈ.എം. നെയ്യാറ്റിൻകര ഫെറോന നടത്തിയ ആരവം 2K25ൽ തിരുപുറം യൂണിറ്റ് ഓവറാൾ ചാമ്പ്യൻസ് ആയപ്പോൾ





2026 ലെ വിശുദ്ധവാരത്തോടനുബന്ധിച്ച് ഏപ്രിൽ മാസം നടന്ന ഈസ്റ്റർ തിരുകർമ്മങ്ങളിൽ നിന്ന്.





തിരുപുറം വി. ഫ്രാൻസിസ് സേവ്യർ ഇടവകയിൽ വച്ച് നടത്തപ്പെട്ട വി.എഫ്.എഫ്. റവ. ഫാ. ജിബിൻ രാജ് ഉത്ഘാടനം ചെയ്യുന്നു.

# GTEI ACADEMY

Affiliated to WHRDE (WORLD HUMAN RESOURCES DEVELOPMENT EDUCATION)

NEYYATTINKARA


9567294622, 9526599202

ഇന്ത്യയിലും വിദേശത്തും ഉയർന്ന ജോലി
സാദ്ധ്യതയുള്ളതും മികച്ച ശമ്പളം ലഭിക്കുന്നതുമായ
സ്വയം തൊഴിൽ കോഴ്സ്

DIPLOMA IN

# AC MECHANIC

(6 MONTHS)


www.gteiacademy.com

# St. Xavier's UP School

Thirupuram

Pre-Kg to 4th Standard

# Admission Started for Academic Year 2026 - 2027





To Love and Serve